

# കൊച്ചുചക്കരച്ചി -എ.പി.ഉദയഭാനു

***mukulam malayalam*** **Aplus capsule from: Suresh Areekode**

## 1 score, 2 score sure plus questions and answers

1.ഗ്രാമീണാന്തരീക്ഷം എന്ന പദത്തിന്റെ വിഗ്രഹ രൂപമേത്?

- ഗ്രാമീണമായ അന്തരീക്ഷം

2. "പൂത്തിരി കത്തിച്ചതു പോലുള്ള മാമ്പൂക്കുല ഒടിച്ച് കുസൃതിക്കുട്ടനെപ്പോലെ കവിതാങ്കണത്തിൽ ഓടിയെത്തിയ കവി, ഉൽക്കടമായ വേദനയുടെ മധുര്യം പകർന്നു തന്നു". കവിയേത്? കവിതയേത്?

- വൈലോപ്പിള്ളി ശ്രീധരമേനോൻ ,മാമ്പഴം

3. ആണ്ടോടാണ്ട് എന്നതിന്റെ വിഗ്രഹവാക്യമെഴുതുക.

- ആണ്ടുതോറും

4. കാറ്റും മഴയും വരുമ്പോഴൊക്കെ അമ്മ പൂമുഖത്തു ചെന്നിരിക്കും - രണ്ടു വാക്യങ്ങളാക്കി എഴുതുക.?

- കാററും മഴയും വരും. അപ്പോഴൊക്കെ അമ്മ പൂമുഖത്ത് ചെന്നിരിക്കും.

5. "എന്തു പ്രലോഭനവും ഉപയോഗിക്കാൻ തയ്യാറായി ആളുകൾ വന്നിരുന്നുവെങ്കിലും പണത്തിന് മുട്ടുണ്ടായിരുന്നെങ്കിലും അവരെല്ലാം തുരത്തപ്പെട്ടു? മാങ്ങ വാങ്ങാൻ എത്തിയവരെ തടഞ്ഞ 'ചാവേറുപട' എന്ന് വിശേഷിപ്പിച്ചത് ആരെ?

- നീറുകളെ

6. ഒറ്റപ്പദമാക്കുക

- ഏറ്റവും ഉന്നതമായ നില - പരമോച്ച നില
- തുലാവർഷത്തിലെ കാറ്റ് - തുലാവർഷക്കാറ്റ്
- കാലവർഷത്തിലെ കാറ്റ് - കാലവർഷക്കാറ്റ്
- സഹിക്കാൻ ആവാത്തത് - അസഹനീയം/അസഹ്യം
- ദീർഘകാലമായുള്ള ബന്ധു - ചിരബന്ധു
- ശാഖകളും ഉപശാഖകളും - ശാഖോപശാഖകൾ
- വിദ്യയുടെ ആലയം -വിദ്യാലയം
- തന്റെ ചുറ്റുമുള്ളതിനെ കീഴടക്കിവാഴുന്നവൾ – അധീശ്വരി

7. "മാവിനോടുള്ള പ്രേമം നാട്ടിൻപ്പുറത്തെ കുട്ടികളിൽ മാത്രമല്ല. കവികളിലും

കാണാം". മാവുമായി ബന്ധപ്പെട്ട ഏതെങ്കിലും രണ്ട് കവിതയേയും കവിയേയും പരിചയപ്പെടുത്തുക.?

- ◆ മാമ്പഴക്കാലം - പി.പി.രാമചന്ദ്രൻ
- ● മാമ്പഴം - വൈലോപ്പിള്ളി, **[തേന്മാവ് - ബഷീർ, അതേ പ്രാർത്ഥന-ഇടശ്ശേരി]**

8. "കൊച്ചു ചക്കരച്ചി വീഴില്ല. വീണാലും അവൾ ആപത്ത് വരുത്തുകയില്ല ?" അമ്മയുടെ ഈ വിശ്വാസത്തിനു പിന്നിലെ മനോഭാവം എന്ത്?

കൊച്ചുചക്കരച്ചിയോടുള്ള അമ്മയുടെ അടുപ്പം, പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ആരോഗ്യകരമായ പരസ്പരാശ്രിതത്വം

9. മാങ്ങ പഴുത്തു കഴിയുമ്പോഴാണല്ലോ രസം അതിന്റെ പരമോച്ച നില പ്രാപിക്കുന്നത്.

- കൊന്നമരം പൂത്തുനിൽക്കുന്നത് കാണാൻ എന്തു രസമാണ്?

-രണ്ടു വാക്യങ്ങളിലേയും അടിവരയിട്ട പദങ്ങൾ തമ്മിലുള്ള അർത്ഥവ്യത്യാസം കുറിക്കുക?

- ● രുചി / മാധുര്യം
- ● ഭംഗി/ മനോഹാരിത

10.'മാങ്ങാമരം' (Mango tree) എന്ന് എ.പി.ഉദയഭാനു പ്രയോഗിച്ചതിലെ രണ്ടു കാരണങ്ങൾ കണ്ടെത്തി എഴുതുക.?

- ● ഗ്രാമ നന്മകൾ അന്യമാകുന്ന പുതുതലമുറയുടെ അവസ്ഥ
- ● മാതൃഭാഷയോടുള്ള അവഗണന

11. നാട്ടിൻപുറത്തെ ഓർമകൾക്ക് എന്തു സുഗന്ധമാണ്.

- ഘനസുഗന്ധിയായ സ്വർണപൂക്കൾ വിരിയിച്ചു നിൽക്കുന്ന ചെമ്പകം.

  അടിവരയിട്ട പദങ്ങൾ തമ്മിലുള്ള അർത്ഥവ്യത്യാസം കുറിക്കുക?
- ● മധുരമുള്ളത്/ ഊഷ്മളമായത്
- ● ശ്രേഷ്ഠമായ സുഗന്ധമുള്ള , മനോഹരമായ

12. വിഗ്രഹവാക്യങ്ങൾ കണ്ടെത്തുക?

- ◆ നെല്ലിൻകുല - നെല്ലിന്റെ കുല
- ◆ വിഷാദസ്വരം - വിഷാദത്തിന്റെ സ്വരം
- ◆ കന്നിപ്പാടം- കന്നിയിലെ പാടം
- ◆ ചൂതസായകൻ - ചൂതം സായകമായിട്ടുള്ളവൻ
- ◆ ചുറ്റുമതിൽ - ചുറ്റുമുള്ള മതിൽ
- ◆ മാങ്കൊമ്പ് - മാവിന്റെ കൊമ്പ്

13. കാറ്റാടിച്ചപ്പോൾ കോലായിലെ <u>വിളക്കണഞ്ഞു</u>.

- അമ്മയുടെ മരണത്തോടെ വീടിന്റെ <u>വിളക്കണഞ്ഞു</u> - അടിവരയിട്ട പദങ്ങൾ തമ്മിലുള്ള അർത്ഥവ്യത്യാസം കുറിക്കുക?

- വിളക്ക് കെട്ടു,
- വീടിന്റെ ഐശ്വര്യം/വെളിച്ചം ഇല്ലാതായി.

14. **ഒറ്റപ്പദമാക്കുക.**

- ഇലകളുടെ പടർപ്പ് - ഇലപ്പടർപ്പ്
- നക്ഷത്രനിബിഡം - നക്ഷത്രത്താൽ നിബിഡം
- ഗൗരവത്തോടു കൂടിയത് - സഗൗരവം
- വെള്ളി പോലെ തിളങ്ങുന്ന നക്ഷത്രങ്ങൾ - വെള്ളിനക്ഷത്രങ്ങൾ
- സ്വർണ്ണ നിറത്തിലുള്ള പൂക്കൾ - സ്വർണ്ണപ്പൂക്കൾ
- ചുള്ളിയായ കമ്പ്- ചുള്ളിക്കമ്പ്

15. നാവുണ്ടായിരുന്നെങ്കിൽ കുടുംബത്തിന്റെ കഥ അവൾ പറയുമായിരുന്നു.?
കൊച്ചു ചക്കരച്ചിയുമായി ബന്ധപ്പെട്ട് ഈ സന്ദർഭത്തിന് ചേർന്ന രണ്ട് സൂചനകൾ കണ്ടെത്തി എഴുതുക.?'

- പ്രകൃതിയിൽ മനുഷ്യ ഭാവം, കുടുംബവുമായുള്ള ബന്ധവും പാരമ്പര്യവും

16. അമൃതരസം- വിഗ്രഹവാക്യമേത്?

- അമൃത് പോലെയുള്ള രസം

17. അങ്ങനെ എന്തെല്ലാം മന്ത്രതന്ത്രങ്ങൾ, ഉപാസനകൾ മാവിൻച്ചുവട്ടിൽ നടന്നിരുന്നു. സൂചനയെന്ത്? ഒരുദാഹരണം കണ്ടെത്തി എഴുതുക?

- മാച്ചോട്ടിലെ കളികൾ, ഉണ്ണിയിടൽ. [ **അണ്ണാൻ പിറന്നാൾ**]

18. ഒറ്റവാക്യമാക്കി എഴുതുക --കാറ്റ് വീശി. ഇലകളൊക്കെ കൊഴിഞ്ഞു.

- കാറ്റ് വീശിയപ്പോൾ ഇലകളൊക്കെ കൊഴിഞ്ഞു.

19. "<u>പത്തു</u> നാൽപ്പത്തഞ്ചു <u>കൊല്ലങ്ങൾക്കപ്പുറത്തു</u> നിന്ന് അതിന്റെ സ്വാദ് നാക്കിന്റെ അറ്റത്ത് വന്ന് നിറയുന്നു". കൊച്ചുചക്കരച്ചിയുമായി ബന്ധപ്പെട്ട ലേഖകന്റെ ഏതെങ്കിലും രണ്ട് ഓർമകൾ കുറിക്കുക.?

- കൊതിയസമാജം കൂടിയിരുന്നത് / മാങ്ങ വിൽക്കാൻ അമ്മ ശ്രമിച്ചത് - നീറുകൾ തുരത്തിയത്./മാവു മുറിച്ചുകളയണമെന്ന് ലേഖകൻ വാദിച്ചത്.

20. **എഡിറ്റ് ചെയ്യുക:** ആകാശത്ത് പറവകളാകുന്ന പക്ഷിക്കൂട്ടങ്ങൾ യഥേഷ്ടം പോലെ പാറി നടക്കുന്നു

- ആകാശത്ത് പക്ഷിക്കൂട്ടങ്ങൾ യഥേഷ്ടം പാറി നടക്കുന്നു/ ആകാശത്ത്

പറവകൾ ഇഷ്ടം പോലെ പാറി നടക്കുന്നു.

21. "ഏതു പരുവത്തിലാണ് മാങ്ങ ആസ്വാദ്യമല്ലാത്തത് !"- ഈ വരിയിലെ അർത്ഥ ധ്വനിയെന്ത്?

- എല്ലാ പരുവത്തിലും മാങ്ങ ആസ്വാദ്യമാണ്.

22. "മുറ്റത്ത് കിഴക്കേ അറ്റന്ന് ഉയർന്നു നിൽക്കുന്ന മാളികയോട് സ്പർധിക്കുന്ന മട്ടു തോന്നും കണ്ടാൽ".- കൊച്ചുചക്കരച്ചിയുടെ ഏത് സവിശേഷതയാണ് ഇവിടെ സൂചിപ്പിക്കുന്നത്?

- തറവാടിന്റെ ധാടിയും (പ്രൗഢി) മോടിയും കാണാൻ തടസ്സമുണ്ടാക്കുന്ന രീതിയിൽ തല ഉയർത്തി കൊച്ചുചക്കരച്ചി നിൽക്കുന്നത്.

23. "നാലുക്കെട്ടിനും നെൽപ്പുരയ്ക്കും മധ്യേയുള്ള തെക്കേമുറ്റത്ത് തല ഉയർത്തി നിൽക്കുന്ന കൊച്ചു ചക്കരച്ചിയെ എന്തിനോടാണ് സാദൃശ്യപ്പെടുത്തിയത്.?"

- ഇരു വശവും രണ്ടു പിടകളാൽ അനുസേവ്യനായി(സേവിക്കപ്പെട്ടവൻ) നിൽക്കുന്ന മയിലിനെപ്പോലെ.

24. "യുക്തിയുള്ളടത്തല്ലേ യുക്തിവാദം ഫലിക്കൂ? ഇവിടെ ഭക്തിയും വിശ്വാസവുമാണ്." കൊച്ചുചക്കരച്ചി എന്ന പാഠഭാഗത്തിലെ അമ്മയുടെ ഭക്തിയും വിശ്വാസവും എന്തായിരുന്നു.?

- കൊച്ചുചക്കരച്ചി വീഴില്ല. വീണാലും അവൾ ആപത്ത് വരുത്തുകയില്ല.

25. "ആകാശം ഉരുമ്മി ഒരു മാവ് നിൽക്കുന്നു. അതിനെ 'കുരുടിച്ചി' എന്നാണ് വിളിക്കുന്നത്?" ഈ പേരിടലിന്റെ ഔചിത്യം എന്ത്?

- മാങ്ങയുടെ വലുപ്പം, രുചി. [കുട്ടികൾക്ക് പോലും അണയിൽ രണ്ടെണ്ണം ഇടാം.]

26. മാവ് പ്രധാന കഥാപാത്രമായി വരുന്ന ഒരു കൃതിയാണ് 'പഞ്ചാരമാവ് വീണു.' - ഇത് ആരുടെ രചനയാണ്.?

- ഉണ്ണിക്കൃഷ്ണൻ പൂതൂർ.

27. ഒറ്റവാക്യമാക്കുക.- കൊച്ചുചക്കരച്ചി വീഴില്ല. വീണാലും അവൾ ആപത്ത് വരുത്തുകയില്ല എന്ന ഉറച്ച നിലയായിരുന്നു അമ്മയ്ക്ക്.

- കൊച്ചു ചക്കരച്ചി വീഴിലെന്നും വീണാലും അവൾ ആപത്ത് വരുത്തില്ലെന്നുമെന്ന ഉറച്ച നിലയായിരുന്നു അമ്മയ്ക്ക്.

28. ഭൂകമ്പത്തിൽ ആയിരം പേർ ഭയന്നു മരിച്ചു. _ വാക്യത്തിലെ അഭംഗി പരിഹരിച്ച് തിരുത്തി എഴുതുക.?

- ഭൂകമ്പത്തിൽ ആയിരം പേർ മരിച്ചതായി ഭയക്കുന്നു.

29. "ആ തുലാവർഷക്കാറ്റുകളും കാലവർഷക്കാറ്റുകളും മുത്തശ്ശിയുടെ നിബിഡവും ശ്യാമളവുമായ തലമുടികളിൽ കൂടി വിരലോടിച്ച് പോവുക മാത്രം ചെയ്തു." _ ഭാഷാ പരമായ ഏതെങ്കിലും രണ്ട് സവിശേഷത കുറിക്കുക.

- പ്രകൃതിയിൽ മനുഷ്യഭാവം / ഗദ്യഭാഷയുടെ കാവ്യാത്മകത /വാങ് മയചിത്രം /ഭാഷാസൗന്ദര്യം/വർണ്ണന

30. ഭാഷയുടെ ലാളിത്യം കൊണ്ട് ശ്രദ്ധേയമായ ഉപന്യാസമാണ് എ.പി.ഉദയഭാനുവിന്റെ കൊച്ചുചക്കരച്ചി. ഒരുദാഹരണം കണ്ടെത്തി എഴുതുക?

- പച്ച മാങ്ങ അല്പം ഉപ്പ് ചേർത്ത് കറുമുറാ കറുമുറ ചവച്ച് തിന്നാൽ കുത്തിയൊലിക്കുന്ന ഉമിനീരിന്റെ (കൊതി )വേഗം കൊണ്ട് അണകൾ കോച്ചിപ്പോകും.

31. കൊച്ചു ചക്കരച്ചിക്ക് മാനുഷിക ഭാവങ്ങൾ ഉള്ളതായി അനുഭവപ്പെടുന്നുണ്ട്? ഉദാഹരണങ്ങൾ കണ്ടെത്തി എഴുതുക.?

- കഥാപാത്രം/നാവുണ്ടായിരുന്നെങ്കിൽ കുടുംബത്തിന്റെ കഥ പറയുമായിരുന്നു/ കുലശ്രേഷ്ഠകൾ / വൃദ്ധമുത്തശ്ശി / രോഗം വന്നത്/ചികിത്സിക്കുന്നത്/ നേരുള്ളവൾ / ചതിക്കാത്തവർ / അരുമത്തം നേടിയവർ/ വലിയ ചക്കരച്ചി/കൊച്ചുചക്കരച്ചിയുടെ മകൾ / പട്ടാളത്തിൽ ചേർത്തിരുന്നു/കൊച്ചു ചക്കരച്ചിയുടെ ആത്മാവിനെ കൂട്ടിക്കൊണ്ടുപോകാൻ / ചിരബന്ധു/അവൾ പുളിച്ചിയാണ് .

32. തറവാട്ടു വീട്ടിൽ മാവുകൾ പലതുണ്ടായിരുന്നെങ്കിലും കുലശ്രേഷ്ഠകൾ ആയി എണ്ണിയതു രണ്ടെണ്ണത്തിനെയായിരുന്നു. _ രണ്ടു വാക്യങ്ങളാക്കി മാറ്റി എഴുതുക?

- തറവാട്ടു വീട്ടിൽ മാവുകൾ പലതുണ്ടായിരുന്നു.എങ്കിലും കുലശ്രേഷ്ഠകളായി എണ്ണിയത് രണ്ടെണ്ണത്തിനെയായിരുന്നു.

34. "ആ ബഹുമതി മാവിനു തന്നെയാണ്?" *ആ ബഹുമതിയെന്ന്* വിശേഷിപ്പിച്ചത് എന്തിനെയാണ്?

- കവിഭാവനയെ ഏറ്റവും കൂടുതൽ ഉദ്ദീപ്തവും ഉന്മത്തവുമാക്കിയിട്ടുള്ളത് മാവു തന്നെ എന്ന ബഹുമതി

35. "വിൽക്കാനുള്ളതല്ല ആളുകൾക്ക് ഒന്നും രണ്ടും പെറുക്കിത്തിന്നാനുള്ളതാണ് എന്റെ മാങ്ങ എന്നതായിരുന്നു കൊച്ചുചക്കരച്ചിയുടെ നില ".വരികളിൽ തെളിയുന്ന ഭാവം എന്ത്?

- സ്നേഹം

36. "കൊച്ചുചക്കരച്ചി നിന്നിരുന്ന സ്ഥലത്ത് കിളിച്ചു പൊന്തിയ മാവിൻ തയ്യിനെ കൊച്ചുചക്കരച്ചിയുടെ മകൾ എന്ന നിലയിൽ അമ്മ വാത്സല്യത്തോടെ വളർത്തി" -ഈ വരികളിൽ പ്രകടമാവുന്ന ജൈവികവൃത്തിയേത്?

- വീണ മരത്തിന് പകരം മറ്റൊന്ന് വളർത്തുന്ന പാരിസ്ഥിക അവബോധം

37. "നാടായാലും കാടായാലും

കുഴിയായാലും കുന്നായാലും

നല്ലവർ പാർക്കുന്നെങ്കിൽ

നീയും നന്നേ, വാഴുക നിലമേ"-വരികളിലെ പ്രധാനാശയം എന്ത്?

- നല്ല നാട്ടുകാരാണ് ഒരു നാടിനെ നല്ലതാക്കുന്നത്

38. താഴെ പറയുന്നവയിൽ ഔവ്വയാറിന്റെ പ്രസിദ്ധമായ കൃതിയേത്?

- പുറനാനൂറ്

39. "വൃക്ഷങ്ങളിൽ വെച്ച് വൃക്ഷമായത് മാവു തന്നെ" - ഈ പ്രസ്താവനയുടെ പൊരുൾ എന്ത്?

- മനുഷ്യ ജീവിതത്തെ ആകമാനം സ്വാധീനിക്കുന്ന വൃക്ഷമാണ് മാവ്.

40. 'കൊതിയ സമാജം' എന്ന് ലേഖകൻ വിശേഷിപ്പിക്കുന്നത് ആരെയാണ്?

- മഞ്ചോട്ടിൽ ഒത്തുകൂടുന്ന കളിക്കൂട്ടുകാരെ.

41. 'കൊതിയ സമാജം' എന്നതിന്റെ വിഗ്രഹാർത്ഥം കുറിക്കുക?

- കൊതിയരുടെ സമാജം / കൊതിയന്മാരുടെ സമാജം

42. കൊച്ചുചക്കരച്ചി എന്ന പാഠഭാഗം ഏത് സാഹിത്യ വിഭാഗത്തിൽ ഉൾപ്പെടുന്ന രചനയാണ്?

- രമ്യോപന്യാസം/ ലേഖനം/ഉപന്യാസം

43. "ഇന്ന് മാങ്ങാമരം കാണാത്ത കുട്ടികൾ കേരളത്തിൽ ഉണ്ടാവില്ലെങ്കിലും ഇപ്പറഞ്ഞ പഴയ <u>അപരിഷ്കൃതമട്ടുകൾ</u> അവർ അറിയാനിടയില്ല." അടിവരയിട്ട പദത്തിന്റെ സൂചനയെന്ത്?

- മാഞ്ചോട്ടിലെ കളികൾ.

44. "കവികളായ കവികളെല്ലാം നാട്ടിൻപ്പുറത്തെ ഏതെങ്കിലും കൊതിയസമാജത്തിൽ അംഗങ്ങളായിരുന്നിരിക്കണം. അല്ലായ്കിലുണ്ടോ തേന്നൂറുന്ന കവിത രചിക്കാൻ അവർക്കു കഴിയുന്നു.?" ഈ വരിയിലെ അർത്ഥസാധ്യത എന്ത്?

- ഗ്രാമജീവിതവുമായി ബന്ധപ്പെട്ട ഹൃദ്യമായ അനുഭവങ്ങളാണ് കവിതക്ക്

/കവിക്ക് വിഷയമാവുന്നത്.

45. "പാട്ടത്തിലെ അപ്പൂപ്പൻ ഒരു അറുപത് കൊല്ലം മുമ്പ് കൊച്ചുചക്കരച്ചിയെ വെട്ടി നീക്കാൻ തുനിഞ്ഞതായിരുന്നത്രേ. വേണ്ടപ്പെട്ടവർ ആരോ ഒക്കെ ഇടപ്പെട്ട് ആ അത്യാഹിതം തടഞ്ഞു".-ഇവിടെ '*അത്യാഹിതം*'എന്ന പദപ്രയോഗം എന്തിനെ കുറിക്കുന്നു.

- കൊച്ചു ചക്കരച്ചിയെ വെട്ടിമാറ്റാൻ തുനിഞ്ഞത്

46." ഭുവനവിദിതമായ മാവിന്റെ വംശത്തിലാണ് ഞങ്ങളുടെ കൊച്ചുചക്കരച്ചി വന്നു പിറന്നത് " -അടിവരയിട്ട പദത്തിന്റെ അർത്ഥം വ്യക്തമാക്കുക.?

- ലോകപ്രശസ്തമായ

47. "പണത്തിന്റെ മുട്ടുകൊണ്ട് ഒന്നു രണ്ടു പ്രാവശ്യം കൊച്ചുചക്കരച്ചിയിലെ മാങ്ങ വിൽക്കാൻ അമ്മ ശ്രമിച്ചിട്ടുണ്ട്." അടിവരയിട്ട പദം സൂചിപ്പിക്കുന്നത് എന്ത്?

- പണത്തിന്റെ കുറവ് /പണത്തിന്റെ അത്യാവശ്യം

48. "അങ്ങനെ വന്നാലത്തെ നാശം ആർക്കു താങ്ങാനാകും?" ഈ വാക്യത്തിന്റെ അർത്ഥധ്വനിയെന്ത്?

- നാശം ആർക്കും താങ്ങാൻ കഴിയില്ല.

49. "കാമദേവൻ ചൂതസായകനാകുമ്പോൾ അങ്ങനെയല്ലേ വരൂ." - കാമദേവനുമായി ബന്ധപ്പെട്ട് ഈ പ്രസ്താവനയുടെ പൊരുൾ എന്ത്?

- കാമദേവന്റെ അഞ്ച് അസ്ത്രങ്ങളിൽ ഒന്നാണ് മാമ്പൂവ്. **(അഞ്ച് അസ്ത്രങ്ങൾ - മാമ്പൂവ്, അശോകം, അരവിന്ദം, നീലോല്പലം, നവമാലിക)**

50. "ഋതുചക്രത്തിരിച്ചിലിനനുസൃതമാം വിധം ആ മാവു തളിർക്കുകയും പൂത്തു കുടച്ചക്രം പോലെ സ്വർണ്ണ സ്ഫുലിംഗങ്ങൾ പാറി വിലസുകയും ഇലകളിൽ നിന്ന് ഈഷന്മാത്രം നിറഭേദമുള്ള മാമ്പഴക്കിങ്ങിണികൾ ചാർത്തി നിൽക്കുകയും......" -ഈവർണ്ണനയിലെ ഏതെങ്കിലും രണ്ടു പ്രത്യേകതകൾ കണ്ടെത്തിക്കുറിക്കുക?

- വാങ്മയചിത്രം, പ്രകൃതിയിൽ മനുഷ്യഭാവം,**അലങ്കാരഭംഗി, ഉപമ**

**Prepared by:SURESH AREEKODE,HST (Malayalam),GHSS, Areekode,Malappuram,PH:9562521509.Email:**sbtckr@gmail.com
**Visit my YOUTUBE: *mukulam malayalam* for video lessons, PDF notes and question answer discussions.**